ഭരണഭാഷ മാതൃഭാഷ

**AHD/8629/2024-X4**

മൃഗസംരക്ഷണവകുപ്പ് ഡയറക്ടറേറ്റ്
വികാസ് ഭവൻ,തിരുവനന്തപുരം -33
ഫോൺ : 0471 -2302283
ഇമെയിൽ : cru.ahd@kerala.gov.in

തീയതി :25-03-2025

## <u>സർക്കുലർ</u>

വിഷയം:- മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ് - വിജിലൻസ് - ജീവനക്കാർ അനർഹമായി സാമൂഹ്യ സുരക്ഷ പെൻഷൻ കൈപ്പറ്റുന്നത് - സംബന്ധിച്ച്

സൂചന:- സർക്കാറിന്റെ 06/12/2024 ലെ E2/466/2024 നമ്പർ കത്ത്.

സമൂഹത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അശരണരും നിരാലാംബരുമായവർക്ക് ഒരു കൈത്താങ്ങ് എന്ന നിലയ്ക്കാണ് സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിക്കുന്നത്. എന്നാൽ ചില സർക്കാർ ജീവനക്കാർ സാമൂഹ്യ സുരക്ഷാ പെൻഷൻ അനർഹമായി കൈപ്പറ്റുന്നതായി സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇത്തരത്തിൽ മൃഗസംരക്ഷണ വകുപ്പിൽ 73 ജീവനക്കാരെ കണ്ടെത്തുകയും തുക തിരിച്ചടക്കുന്നതിനും ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും സർക്കാർ നിർദേശിച്ചിരുന്നു. ഇതു കൂടാതെ, വകുപ്പ് തലത്തിൽ നടത്തിയ അന്വേഷണത്തിൽ സർക്കാർ നൽകിയ ലിസ്റ്റിലുൾപ്പെടാത്ത കുറച്ച് ജീവനക്കാർ കൂടി അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

മേൽ വിവരിച്ച വസ്തുതകൾ പരിഗണിച്ച്, ഭാവിയിൽ ഒരു ഉദ്യോഗാർത്ഥി വകുപ്പിൽ സർവ്വീസിൽ പ്രവേശിക്കുന്ന സമയത്ത് ടി വ്യക്തി, സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നുണ്ടോ എന്ന് ആധാർ നമ്പർ അടിസ്ഥാനമാക്കി പരിശോധിക്കേണ്ടതാണ്. സാമൂഹ്യ സുരക്ഷാ പെൻഷൻ / ക്ഷേമനിധി പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്ന വ്യക്തിയാണെന്ന്

ബോധ്യപ്പെടുന്നപക്ഷം ജോലിയിൽ പ്രവേശിച്ച വിവരം, പെൻഷൻ അനുവദിക്കുന്ന അധികാരികളെ അറിയിക്കുന്നതിനുള്ള നടപടിയും ജോലിയിൽ പ്രവേശിച്ച ശേഷം സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുകയില്ലായെന്ന സത്യപ്രസ്താവന രേഖാമൂലം ടി ജീവനക്കാരിൽ നിന്ന് വാങ്ങി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതിനുള്ള നടപടികളും നിയമനാധികാരികൾ സ്വീകരിക്കേണ്ടതാണ്.

Signed by
Asif K Yusuf
DIRECTOR
Date: 25-03-2025 22:10:36

സ്വീകർത്താവ്
എല്ലാ വകുപ്പ് തല ഓഫീസർമാർക്കും
പകർപ്പ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എയ്ക്ക്
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് I & II
ഡയറക്ടറേറ്റിലെ കെ,ഡി സെക്ഷനുകൾക്ക്
ഐ.ടി.സെക്ഷൻ (വെബ് സൈറ്റിൽ പ്രദ്ധീകരിക്കുന്നതിനായി )